## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 19** **28.11.2018 -ൽ മറുപടിക്ക്.**

## റേഷൻകാർഡ് വിതരണത്തിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25.06.2018 മുതൽ സ്വീകരിച്ചു തുടങ്ങി. കഴിഞ്ഞ 4 വർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ, സി-ഡിറ്റ്, അക്ഷയ എന്നിവ വഴി വിനിയോഗിച്ച് താലൂക്ക് ആസ്ഥാനങ്ങളിൽ തന്നെ കാർഡുകൾ പ്രിന്റ് ചെയ്തെടുത്ത് വിതരണം നടത്തി വരുന്നു. |
| (ബി) ഏതെല്ലാം ജില്ലകളിലാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും ആയതിന്റെ കാരണങ്ങളും വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഒരേ സമയത്താണ് റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയത്. നിലവിൽ എല്ലാ ജില്ലകളിലും ഒരേ വേഗതയിലാണ് അപേക്ഷകളിന്മേൽ ഡാറ്റാ എൻട്രി നടത്തി വരുന്നത്. ആയവ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ ജില്ലാതലത്തിലുള്ള നടപടികളുടെ ഉന്നത തല അവലോകനം നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) അനർഹമായി മുൻഗണനാ വിഭാഗങ്ങളിൽ കടന്നുകൂടിയിട്ടുള്ള ആളുകളെ ഒഴിവാക്കുന്ന നടപടിയുടെയും അർഹരായ ആളുകളെ ഉൾക്കൊള്ളിക്കുന്ന നടപടിയുടെയും പുരോഗതി വ്യക്തമാക്കുമോ; | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽ നിന്നും താലൂക്ക് തല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേക്ക് 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ |

മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഡാറ്റായുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്) ഡാറ്റാ മാപ്പിംഗ് നടത്തിയത് പ്രകാരം ഫീൽഡ് തല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഒഴിച്ചിട്ട ശേഷം ശേഷിക്കുന്ന ഒഴിവുകളിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽ നിന്നും അർഹരെ ഉൾപ്പെടുത്തി വരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ; അതായത് 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു.

| | |
|---|---|
| (ഡി) റേഷൻകാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ? | (ഡി) റേഷൻ കാർഡുകളുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും 25/06/2018 മുതൽ സ്വീകരിച്ചു തുടങ്ങിയിരുന്നു. 20/11/2018 വരെ താലൂക്ക് സപ്ലൈസ് / സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678 അപേക്ഷകളിൽ 10,09,557 അപേക്ഷകൾ ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞു (ഏകദേശം 90% ). അക്ഷയ വഴി 3,27,364 അപേക്ഷകളും ഓൺലൈൻ മുഖേന 43,910 അപേക്ഷകളും താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678 അപേക്ഷകളും എന്നിങ്ങനെ ആകെ 15,22,952 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് ഡാറ്റാ എൻട്രി നടത്താൻ സി-ഡിറ്റിൽ നിന്നുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കൂടാതെ അക്ഷയ വഴിയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. നിലവിൽ 88 % ഡാറ്റാ എൻട്രി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ, റേഷൻകാർഡ് പ്രിന്റ് എടുക്കുന്നതിനു വേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ